ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യം 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി . രാജ്യത്തിൻറെ സുരക്ഷ സംവിധാനം ശക്തമാക്കുന്നതിന് മിഷൻ സുദർശൻ ചക്ര ആരംഭിക്കുമെന്ന് പ്രധാനമന്ത്രി.

   The nation is celebrating its 79th Independence Day. Prime Minister Narendra Modi hoisted the national flag at the Red Fort in New Delhi. The Prime Minister said that Mission Sudarshan Chakra will be launched to strengthen the country's security system.

2. രാജ്യത്തിന്റെ വികസനത്തിന് യുവാക്കളും സ്ത്രീകളും ന്യൂനപക്ഷ വിഭാഗങ്ങളും നിർണ്ണായക പങ്ക് വഹിച്ചതായി സ്വാതന്ത്ര്യ ദിന സന്ദേശത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു.

   President Draupadi Murmu, in her Independence Day message,said that youth, women and minorities have played a crucial role in the development of the country.

3. കേരളത്തിലും സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി വിപുലമായ ആഘോഷപരിപാടികൾ. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി.

   Independence Day in Kerala, is being celebrated with various programes. Chief Minister Pinarayi Vijayan hoisted the national flag at the Thiruvananthapuram Central Stadium.

4. ഇന്ന് **ISRO** യുടെ 56-ാമത് സ്ഥാപക ദിനം.

   Today is the 56th Foundation Day of ISRO.

5. ജമ്മു കശ്മീരിലെ കിഷ്ത്വാവർ ജില്ലയിൽ ഉണ്ടായ മേഘ വിസ്ഫോടനത്തിൽ നിരവധി പേർക്ക് ജീവഹാനി. രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു.

Several people lost their lives in a cloudburst in Jammu and Kashmir's Kishtwar district. Rescue operations are in progress.

6. ഇസ്രായേലിൽ നടക്കുന്ന ഗ്രാൻഡ് സ്ലാം ജറുസലേം അത്ലറ്റിക്സ് മീറ്റിൽ ഇന്ത്യയുടെ അങ്കിത ധ്യാനിക്ക് സ്വർണ്ണം.

India's Ankita Dhyan wins gold at the Grand Slam Jerusalem Athletics Meet in Israel.

****************************

## PM – I DAY (INTRO)

രാജ്യം 79-ാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ പതാക ഉയർത്തി . രാജ്യത്തെ 140 കോടി ജനങ്ങളുടെ ദൃഢനിശ്ചയവും അഭിമാനവുമാണ് സ്വാതന്ത്ര്യദിനമെന്ന് പ്രധാനമന്ത്രി പറഞ്ഞു. മഹാത്മാഗാന്ധിയുടെ ആദർശങ്ങൾ പിന്തുടർന്ന് കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി അംഗങ്ങൾ ഭരണഘടനയ്ക്ക് രൂപം നല്കി. ഈ ഭരണഘടനയുടെ മാർഗ്ഗദർശനത്തിലാണ് രാജ്യം ഈ നിലയിലേക്ക് മുന്നേറിയതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ന് എല്ലാ മേഖലയിലും രാജ്യം മുൻപന്തിയിലേക്ക് വരുന്ന കാഴ്ചയാണ് കാണുന്നത്. രാജ്യത്തിൻറെ സുരക്ഷ സംവിധാനം ശക്തമാക്കുന്നതിന് മിഷൻ സുദർശൻ ചക്ര ആരംഭിക്കും. പ്രതിരോധ മേഖലയിലെ ഇന്ത്യയുടെ സ്വയംപര്യാപ്തതയും ശക്തിയും ഓപ്പറേഷൻ സിന്ദൂറിലൂടെ തെളിയിച്ചു. പഹൽഗാം ഭീകരാക്രമണത്തിൽ തിരിച്ചടി നല്കാൻ ഓപ്പറേഷൻ സിന്ദൂറിലൂടെ പ്രയത്നിച്ച എല്ലാ സേനാംഗങ്ങൾക്കും പ്രധാനമന്ത്രി അഭിവാദ്യം അർപ്പിച്ചു.

(ഹോൾഡ് വോയ്സ്)

അമൃതകാലത്തിലൂടെ സഞ്ചരിക്കുന്ന രാജ്യം സാങ്കേതികവിദ്യ, ആണവോർജം തുടങ്ങി എല്ലാ പാതയിലും വികസനം

നേടിക്കൊണ്ടിരിക്കുന്നു. ആണവശേഷി പത്തിരട്ടി വർധിച്ചതായും പ്രധാനമന്ത്രി പറഞ്ഞു. സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിച്ച് വരികയാണ്. ബഹിരാകാശ മേഖലയിൽ വലിയ നേട്ടം രാജ്യം കൈവരിച്ചു. യുവാക്കൾ സ്ത്രീകൾ തുടങ്ങി എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിച്ച് കൊണ്ടുപോകാൻ സാധിച്ചു. നാരി ശ്കതി ഉറപ്പ് വരുത്താൻ മികച്ച പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്

(ഹോൾഡ് വോയ്സ്)

ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി രാജ്യം വളരെവേഗം മുന്നേറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ചടങ്ങിൽ കേന്ദ്രമന്ത്രിമാരും വിശിഷ്ടവ്യക്തികളും ക്ഷണിക്കപ്പെട്ട അതിഥികളും പങ്കെടുത്തു.

****************************

## PRESIDENT ADDRESS (INTRO)

രാജ്യത്തിൻറെ വികസനത്തിന് യുവാക്കളും സ്ത്രീകളും ന്യൂനപക്ഷ വിഭാഗങ്ങളും നിർണ്ണായക പങ്ക് വഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. സ്വാതന്ത്ര്യദിനത്തിന് മുന്നോടിയായി ഇന്നലെ രാഷ്ട്രപതി രാജ്യത്തെ ജനങ്ങളെ അഭിസംബോധന ചെയ്തു. ഭീകരവാദത്തോടുള്ള ഇന്ത്യയുടെ വിട്ടുവീഴ്ചയില്ലാത്ത നയം ഓപ്പറേഷൻ സിന്ദൂറിലൂടെ ലോകം മുഴുവൻ കണ്ടു. പ്രതിരോധ മേഖലയിലെ ആത്മനിർഭരത ഇതിലൂടെ പ്രകടമായെന്നും രാഷ്ട്രപതി പറഞ്ഞു. ലോകം ഡിജിറ്റൽ യുഗത്തിലൂടെ സഞ്ചരിക്കുമ്പോൾ ഈ മേഖലയിൽ ഇന്ത്യ വലിയ മുന്നേറ്റം നടത്തിയതായി രാഷ്ട്രപതി പറഞ്ഞു. രാജ്യം സ്വാതന്ത്ര്യത്തിന്റെ അമൃത്കാലത്തിലൂടെയാണ് സഞ്ചരിക്കുന്നത്. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഇന്ത്യ മാറുകയാടണെന്നും രാഷ്ട്രപതി പറഞ്ഞു.

(വോയിസ്)

രാഷ്ട്രപതിയുടെ പ്രസംഗം രാജ്യത്തിൻറെ കൂട്ടായ പുരോഗതിയെയും വരാനിരിക്കുന്ന അവസരങ്ങളെയും എടുത്തുകാണിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

*****************************

## INDEPENDENCE DAY– GREETINGS

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് 79-ാമത് സ്വാതന്ത്ര്യദിനത്തിൽ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. ഈ ദിനം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ ആഘോഷം മാത്രമല്ലെന്നും, സ്വതന്ത്ര ഇന്ത്യ എന്ന ബഹുമതി നമുക്ക് നൽകിയ എണ്ണമറ്റ വീരന്മാരുടെ ധൈര്യത്തിന്റെയും ത്യാഗത്തിന്റെയും പരമമായ നിസ്വാർത്ഥതയുടെയും പവിത്രമായ ഓർമ്മപ്പെടുത്തലാണെന്നും ശ്രീ സിംഗ് പറഞ്ഞു. രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ ത്യാഗം ചെയ്ത സ്വാതന്ത്ര്യ സമര സേനാനികളെയും, രാജ്യത്തിന്റെ ഐക്യവും, അഖണ്ഡതയും, അഭിമാനവും സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുന്ന ധീരരായ സൈനികരെയും സ്വാതന്ത്ര്യ ദിനത്തിൽ അനുസ്മരിക്കുന്നതായി, സ്വാതന്ത്ര്യ ദിന സന്ദേശത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്, ലോക്സഭ സ്പീക്കർ ഓം ബിർള തുടങ്ങിയ പ്രമുഖരും എല്ലാ ഇന്ത്യക്കാർക്കും സ്വാതന്ത്ര്യ ദിനാശംസകൾ നേർന്നു.

*****************************

## I DAY – KERALA

കേരളത്തിലും സ്വാതന്ത്ര്യദിനത്തിൻറെ ഭാഗമായി വിപുലമായ ആഘോഷപരിപാടികളാണ് നടക്കുന്നത്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തി. മഹാത്മാഗാന്ധിയുടെ ദർശനങ്ങൾ മുറുകെപ്പിടിച്ചുള്ള കൂട്ടായ പോരാട്ടമാണ് ഇന്ത്യയ്ക്ക് ലഭിച്ച

സ്വാതന്ത്ര്യമെന്ന് മുഖ്യമന്ത്രി പറഞ്ഞു. രാജ്യത്തിൻറെ താഴെത്തട്ടിലുള്ള ജനതയുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടാൽ മാത്രമെ വികസനം പൂർണ്ണമാകൂ. ജനാധിപത്യമൂല്യങ്ങൾ മുറുകെപ്പിടിക്കണമെന്നും അദ്ദേഹം പറഞ്ഞു. രാജ്യപുരോഗതിയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കണമെന്ന് സ്വാതന്ത്രദിന സന്ദേശത്തിൽ ജനങ്ങളോട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആഹ്വാനം ചെയ്തു.

******************************

## INDEPENDENCE DAY CELEBRATIONS- KERALA

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ സ്വാന്തന്ത്ര്യ ദിനാത്തോടനുബന്ധിച്ച് വിപുലമായ ആഘോഷങ്ങൾ പുരോഗമിക്കുന്നു. കൊല്ലം ജില്ലയിൽ മന്ത്രി വി ശിവൻകുട്ടിയും പത്തനംതിട്ടയിൽ മന്ത്രി വീണ ജോർജ്ജും ആലപ്പുഴയിൽ മന്ത്രി സജി ചെറിയാനും പതാക ഉയർത്തി. കോട്ടയം ജില്ലയിൽ മന്ത്രി ജെ ചിഞ്ചുറാണിയും ഇടുക്കി ജില്ലയിൽ മന്ത്രി റോഷി അഗസ്റ്റിനും എറണാകുളം ജില്ലയിൽ മന്ത്രി പി രാജീവും സ്വാന്തന്ത്ര്യ ദിന പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. തൃശ്ശൂരിൽ മന്ത്രി ആർ ബിന്ദു, പാലക്കാട് ജില്ലയിൽ മന്ത്രി എം ബി രാജേഷും മലപ്പുറം ജില്ലയിൽ മന്ത്രി കെ രാജനും സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ പങ്കെടുത്ത് അഭിവാദ്യം സ്വീകരിച്ചു. കോഴിക്കോട് ജില്ലയിൽ മന്ത്രി എ കെ ശശീന്ദ്രനും വയനാട് ജില്ലയിൽ മന്ത്രി ഒ ആർ കേളുവും കണ്ണൂർ ജില്ലയിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും കാസർഗോഡ് ജില്ലയിൽ മന്ത്രി കെ കൃഷ്ണൻകുട്ടിയും ദേശീയ പതാക ഉയർത്തി. ആകാശവാണി തിരുവനന്തപുരം നിലയത്തിലും സ്വാന്തന്ത്ര്യ ദിനാഘോഷ പരിപാടികൾ നടന്നു.

******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

****************************

## J AND K KISHTAWAR

ജമ്മു കശ്മീരിലെ കിഷ്ത്വാവർ ജില്ലയിൽ ഇന്നലെ ഉണ്ടായ മേഘ വിസ്ഫോടനത്തിൽ രക്ഷാ പ്രവർത്തനം പുരോഗമിക്കുന്നു. രണ്ട് സിഐഎസ്എഫ് ജവാന്മാർ ഉൾപ്പടെ 46 പേര് മരിച്ചതായും 167 പേരെ രക്ഷപെടുത്തിയതായും ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. മച്ചൈൽ മാതാ ദേവാലയത്തിലേക്കുള്ള വാർഷിക യാത്ര താത്കാലികമായി നിർത്തിവെച്ചു. ദുരിതമനുഭവിക്കുന്നവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു എന്നും സാധ്യമായ എല്ലാ സഹായങ്ങളും നൽകുമെന്നും പ്രധാന മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തിയ മുഖ്യ മന്ത്രി ഒമർ അബ്ദുള്ള സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ച് നടത്താനിരുന്ന സാംസ്കാരിക പരിപാടികൾ റദ്ദാക്കി.

****************************

## ISRO

ഇന്ന് ISRO യുടെ 56-ാമത് സ്ഥാപക ദിനം. ബഹിരാകാശ ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി, 1962-ൽ ആണവോർജ്ജ വകുപ്പിന് കീഴിൽ ഇന്ത്യൻ നാഷണൽ കമ്മിറ്റി ഫോർ സ്പേസ് റിസർച്ച് അഥവാ INCOSPAR രൂപീകരിച്ചു. തുടർന്ന്, INCOSPAR-ന് പകരമായി 1969 ഓഗസ്റ്റ് 15 നാണ് ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന ആയ ഐഎസ്ആർഒ സ്ഥാപിതമായത്. ഡോ. വിക്രം സാരാഭായ് ആയിരുന്നു ISRO യുടെ സ്ഥാപകൻ.

****************************

## ATHLETICS - GOLD

ഇസ്രായേലിൽ നടക്കുന്ന ഗ്രാൻഡ് സ്ലാം ജറുസലേം അത്ലറ്റിക്സ് മീറ്റിൽ ഇന്ത്യയുടെ അങ്കിത ധ്യാനിക്ക് സ്വർണ്ണം. വനിതകളുടെ 2000 മീറ്റർ സ്റ്റീപ്പിൾചേസിലാണ് നേട്ടം. ഇതോടെ ഈ ഇനത്തിലെ ദേശീയ റെക്കോർഡ് ഒളിമ്പ്യൻ അങ്കിത മറികടന്നു. ഗ്രാൻഡ് സ്ലാം

ജറുസലേമിലെ അങ്കിതയുടെ വിജയം അടുത്ത മാസം ജപ്പാനിൽ നടക്കാനിരിക്കുന്ന ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത ഉറപ്പിച്ചിട്ടുണ്ട്.

****************************

## TRUMP – PUTIN

യുഎസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപും റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായുള്ള കൂടിക്കാഴ്ച ഇന്ന് നടക്കും. അലാസ്കയിലെ ആങ്കറേജിലുള്ള യുഎസ് സംയുക്ത സൈനിക താവളത്തിൽ വച്ചാണ് യോഗം നടക്കുക. യോഗത്തിന് മുന്നോടിയായി, യുക്രൈനിലെ യുദ്ധം അവസാനിപ്പിക്കാൻ പുടിൻ തയ്യാറാണെന്ന് താൻ വിശ്വസിക്കുന്നതായി ട്രംപ് പറഞ്ഞു. അതേസമയം റഷ്യയ്ക്കും ഉക്രെയ്നിനും ഇടയിലും യൂറോപ്പിലുടനീളവും സമാധാന സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന കരാറുകളിൽ എത്തേണ്ടത് അത്യാവശ്യമാണെന്ന് റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിൻ ചൂണ്ടിക്കാട്ടി. ഉച്ചകോടി വിജയകരമായാൽ, യുക്രൈൻ പ്രസിഡൻറ് വോളോഡിമർ സെലെൻസ്കിയുമായി ഒരു ത്രികക്ഷി കൂടിക്കാഴ്ചയിലേക്ക് നീങ്ങുമെന്ന് ട്രംപ് അഭിപ്രായപ്പെട്ടു.

****************************************************************************************************

*****************